File No.LSGD-DB2/137/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- 2019-20 വർഷം ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് വകയിരുത്തിയ തുകയിൽ നിന്നും കടയ്ക്കൽ, ഇരവിപേരൂർ, വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിനായി തുക ചെലവഴിക്കുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.719/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/03/2020

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 20/05/2019, 12/3/20-20 തീയതികളിലെ PAN/4744/2019-J5(DP) നമ്പർ കത്തുകൾ.

## ഉത്തരവ്

2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ ഗ്രീൻ ബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് 2019-20 വർഷം 2515-00-198-35 എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ ബാക്കി നിൽക്കുന്ന 1,02,60,006/- രൂപയിൽ നിന്നും കടയ്ക്കൽ, ഇരവിപേരൂർ, വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിനായി 95,40,006/- രൂപയും മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയുന്നതിനുള്ള കമ്മിറ്റിയുടെ കൺവീനർക്ക് 04/2017 മുതൽ 03/2020 വരെയുള്ള ഹോണറേറിയമായി 7,20,000/- രൂപയും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ ഗ്രീൻ ബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക അറവ് ശാലകൾ നിർമ്മിക്കുന്നതിന് 2019-20 വർഷം 2515-00-198-35 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 250 ലക്ഷം രൂപയുടെ ധനസഹായത്തിൽ നിന്നും കടയ്ക്കൽ, ഇരവിപേരൂർ, വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിനായി യഥാക്രമം 33,46,506 രൂപ, 41,93,500 രൂപ, 20,00,000 രൂപ വീതം ആകെ 95,40,006/- രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപ്പതിനായിരത്തി ആറ് രൂപ മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

**File No.LSGD-DB2/137/2019-LSGD**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യവകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ